# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 5

# വാർത്താക്കുറിപ്പ്

## ബിരുദ പ്രവേശനം: എസ്.സി/എസ്.ടി രണ്ടാം അലോട്ട്മെൻ്റ്

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിൽ നടത്തുന്ന ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള രണ്ടാം പ്രത്യേക അലോട്ട്മെൻ്റിനായി അപേക്ഷിക്കാൻ നാളെ ( ഒക്ടോബർ - 6) വൈകിട്ട് 4 മണി വരെ അവസരം. പ്രവേശനത്തിനായി ഇതുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്തവരും പ്രവേശനം ലഭിക്കാത്തവരുമായ പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് ഈ അവസരം വിനിയോഗിക്കാം. കൂടാതെ, പ്രവേശനം ലഭിച്ചതിന് ശേഷം റിജക്ട് ആയി പോയവർക്കും നേരത്തെ അലോട്ട്മെൻറ് ലഭിച്ച് നിശ്ചിതസമയത്ത് പ്രവേശനം എടുക്കാൻ കഴിയാത്തവർക്കും ഇപ്പോൾ അപേക്ഷിക്കാം.

ഓൺലൈൻ അപേക്ഷയിലെ തെറ്റ് മൂലം അലോട്ട്മെൻ്റ് ലഭിക്കാതിരുന്നവർ, അലോട്ട്മെൻ്റ് മുഖേന ലഭിച്ച പ്രവേശനം റദ്ദാക്കിയവർ എന്നിവർക്ക് പ്രത്യേക ഫീസ് ഒടുക്കാതെ തന്നെ നിലവിലുള്ള അപേക്ഷാ നമ്പറും

പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ ലോഗിൻ ചെയ്ത് പുതിയ ഓപ്ഷനുകൾ നൽകാം. പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്താൽ മാത്രമേ പ്രത്യേക അലോട്ട്മെൻ്റിന് പരിഗണിക്കുകയുള്ളൂ.

മാനേജ്മെൻ്റ് ക്വാട്ട , കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ട എന്നിവയ്ക്കായുള്ള പ്രത്യേക ലിങ്കിലൂടെ മാത്രം അപേക്ഷ സമർപ്പിച്ചിട്ടുള്ള പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ അവരുടെ നിലവിലുള്ള അപേക്ഷാ നമ്പറും പാസ് വേഡും ഉപയോഗിച്ച്

www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ പട്ടിക വിഭാഗക്കാർക്ക് മാത്രമായി നൽകിയിട്ടുള്ള ലിങ്കിൽ ലോഗിൻ ചെയ്ത് പുതിയ ഓപ്ഷൻ നൽകാം. നേരത്തെ നൽകിയിട്ടുള്ള അപേക്ഷയിൽ ആവശ്യമായ തിരുത്തലുകൾ വരുത്താനും ഇപ്രകാരം സാധിക്കും. പുതിയ ഓപ്ഷനുകൾ നൽകി സേവ് ചെയ്ത ശേഷം വേണം അപേക്ഷ ഓൺലൈനായി സമർപ്പിക്കാൻ. വിവിധ കോളജുകളിലെ ബിരുദ പ്രോഗ്രാമുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കായി സംവരണം ചെയ്ത സീറ്റുകളിലെ ഒഴിവുകളുടെ വിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1028/2021)

## പ്രാക്ടിക്കൽ

2021 മാർച്ചിൽ നടന്ന ഒന്നുമുതൽ നാലുവരെ വർഷ ബി.എസ് സി. എം.എൽ.റ്റി. സ്പെഷൽ മേഴ്സി ചാൻസ്/ അദാലത്ത് സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 11 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1029/2021)

## പരീക്ഷ തീയതി

ഒന്ന്, രണ്ട്, മൂന്ന്, നാല് വർഷ ബി.എസ് സി. എം.എൽ.റ്റി. (2008 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 27, നവംബർ അഞ്ച്, 15, 24 തീയതികളിൽ ആരംഭിക്കും.

(പി.ആർ.ഒ/39/1030/2021)

## പരീക്ഷാ ഫലം

2021 ഓഗസ്റ്റിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ നാലാം സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ് ആന്റ് എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് (സി.എസ്.എസ്. - 2019-2021 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1031/2021)

2020 നവംബറിൽ നടന്ന ഒന്നുമുതൽ എട്ടുവരെ സെമസ്റ്റർ ബി.ടെക് സ്പെഷൽ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1032/2021)

2021 ഓഗസ്റ്റിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് നടത്തിയ നാലാം സെമസ്റ്റർ എം.എസ് സി. കെമിസ്ട്രി - ഇനോർഗനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1033/2021)

## എം.എഡ് പ്രവേശനം: രേഖകൾ സമർപ്പിക്കണം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2021 വർഷത്തെ എം.എഡ്. അഡ്മിഷനുമായി ബന്ധപ്പെട്ട് ക്യാറ്റ് പരീക്ഷയുടെ ഇൻഡക്സ് മാർക്ക് ലഭിച്ചിട്ടുള്ള മുഴുവൻ വിദ്യാർഥികളും യോഗ്യത, റിസർവേഷൻ, വെയിറ്റേജ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റുകൾ ഇന്ന് (ഒക്ടോബർ 6) spsadmission2021@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ ഒറ്റ പി.ഡി.എഫ്. ഫയലായി (അപേക്ഷകന്റെ/അപേക്ഷകയുടെ പേര് ഫയൽ നെയിമായി ചേർത്ത്) അയയ്ക്കണം. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ/39/1034/2021)

## അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല സെന്റർ ഫോർ ഓൺലൈൻ എജ്യുക്കേഷനിൽ അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (കാറ്റഗറി - എ) തസ്തികയിലെ രണ്ട് ഒഴിവുകളിലേക്കും അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (കാറ്റഗറി - ബി) തസ്തികയിലെ ഒരു ഒഴിവിലേക്കും കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഇതിലേക്ക് നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ ഒക്ടോബർ ഏഴ്, വൈകീട്ട് അഞ്ചിനകം coe@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ ലഭിച്ചിരിക്കണം. എ കാറ്റഗറിയിലെ രണ്ട് ഒഴിവുകളിൽ ഒന്ന് പൊതുവിഭാഗത്തിനുള്ളതും ഒന്ന് ഈഴവ വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ളതുമാണ്. കുറഞ്ഞത് 55 ശതമാനം മാർക്കോടെയുള്ള എം.കോം ബിരുദവും എൻ.ഇ.റ്റി. അല്ലെങ്കിൽ പി.എച്ച്.ഡി. യോഗ്യതയും ഉള്ളവർക്ക് അപേക്ഷിക്കാം. ഓൺലൈൻ അധ്യാപനം, കണ്ടന്റ് ക്രിയേഷൻ, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, ഐ.സി.റ്റി. എനേബിൾഡ് ടീച്ചിംഗ് ആന്റ് ലേണിംഗ് എന്നിവയിലുള്ള മുൻപരിചയം അഭിലഷണീയം.

പൊതുവിഭാഗത്തിലുള്ളവർക്കായി നീക്കിവച്ചിട്ടുള്ള അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ (കാറ്റഗറി - ബി) ഒരൊഴിവും നിലവിലുണ്ട്. കുറഞ്ഞത് 55 ശതമാനം മാർക്കോടെ എം.ബി.എ. ബിരുദം കരസ്ഥമാക്കിയിട്ടുള്ളവർക്ക് അപേക്ഷിക്കാം. ഓൺലൈൻ അധ്യാപനം, കണ്ടന്റ് ക്രിയേഷൻ, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, ഐ.സി.റ്റി. എനേബിൾഡ് ടീച്ചിംഗ് ആന്റ് ലേണിംഗ് എന്നിവയിലുള്ള മുൻ പരിചയം അഭിലഷണീയം. പ്രായം 2021 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. പട്ടിക, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമാനുസൃതമായ വയസിളവ് അനുവദിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സഞ്ചിത നിരക്കിൽ പ്രതിമാസം 47000 രൂപ വീതം പ്രതിഫലം ലഭിക്കും.

അപേക്ഷയോടൊപ്പം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾകൂടി അയയ്ക്കണം. സർട്ടിഫിക്കറ്റുകളുടെ പ്രാഥമിക പരിശോധനക്ക് ശേഷം നടക്കുന്ന ഓൺലൈൻ അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും കരാറടിസ്ഥാനത്തിലുള്ള നിയമനം. ആവശ്യപ്പെടുന്ന സമയത്ത് സർട്ടിഫിക്കറ്റുകളുടെ അസൽ അപേക്ഷകർ ഹാജരാക്കണം. അപേക്ഷഫോറവും മറ്റ് വിശദാംശങ്ങളും www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1034/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ